**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2274** **13-09-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പയ്യന്നൂർ കോടതി സമുച്ചയ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | പയ്യന്നൂർ കോടതി സമുച്ചയത്തിന്റെ മൂന്നാം നിലയിലെ സ്ലാബുകളുടെ നിർമാണം പൂർത്തീകരണഘട്ടത്തിലാണ്. ലാറ്ററൈറ്റ് പ്രവൃത്തികൾ പുരോഗമിക്കുകയാണ്, ഇതിന്റെ 55 ശതമാനവും പൂർത്തിയാക്കി. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എപ്പോഴാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ; | (ബി) | 13.03.2020-ന് നിർമാണപ്രവൃത്തി കരാറുകാരനെ ഏൽപ്പിച്ചു. |
| (സി) | നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) | പ്രവർത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കെട്ടിടത്തിന്റെ ഡിസൈൻ സമയബന്ധിതമായി ലഭിക്കാത്തത് നിർമ്മാണത്തെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ഡിസൈൻ ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. നിലവിൽ പ്രവൃത്തി പുരോഗമിക്കുന്ന മുറയ്ക്ക് ഓരോ ലെവെലിലുള്ള ഡിസൈൻ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ